# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 3303 11.05.2017- ൽ മറുപടിക്ക്

### പരമ്പരാഗത നെയ്ത്ത് ശാലകളുടെ പുനരുദ്ധാരണം

| ചോദ്യം<br>ശ്രീ.വി.അബ്ദുറഹിമാൻ | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) താനൂർ നിയോജകമണ്ഡലത്തിലെ നെയ്ത്ത് വ്യവസായകേന്ദ്രമായിരുന്ന കാട്ടിലങ്ങാടിയിലെ പരമ്പരാഗത തൊഴിൽ ശാലകൾ നാശോന്മുഖമായിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉത്പാദനം നിലച്ച കൈത്തറി മേഖലയിൽ പുതിയ ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് തൊഴിൽശാലകൾ നവീകരിക്കുന്നതിന് പ്രത്യേകം പദ്ധതികൾ നടപ്പാക്കുമോ;<br><br>(സി) ഇത്തരത്തിലുള്ള പരമ്പരാഗത നെയ്ത്ത് ശാലകൾ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് നടത്തി വരുന്നതെന്ന് അറിയിക്കുമോ? | (ബി) & (സി) ഉൽപാദനം നിലച്ച കൈത്തറി യൂണിറ്റുകളെ നവീകരിക്കുന്നതിന്, കൈത്തറി സംഘങ്ങളുടെ പുനരുദ്ധാരണപദ്ധതി പ്രകാരം ഫാക്ടറി കെട്ടിട നവീകരണത്തിനായി പ്രൊജക്ട് കോസ്റ്റിന്റെ 90% പരമാവധി 3 ലക്ഷം രൂപ നൽകി വരുന്നുണ്ട്. ഇതു പ്രകാരം പ്രവർത്തനമൂലധനമായി പരമാവധി 5 ലക്ഷം രൂപയും, ഇ.പി.എഫ്/ഇ.എസ്.ഐ കുടിശ്ശിക തീർക്കുന്നതിന് പരമാവധി 5 ലക്ഷം രൂപയും പ്രൊഡക്ട് ഡൈവേഴ്സിഫിക്കേഷന് പരമാവധി 1 ലക്ഷം രൂപയും നൽകുന്നു. കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി നെയ്ത്തുകാർക്ക് നൂലും കൂലിയും സർക്കാർ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ